1

# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 260 18.06.2019-ൽ മറുപടിക്ക്

## പരീക്ഷയിലെ ആൾമാറാട്ടം

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**
**ശ്രീ.ഒ.രാജഗോപാൽ**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപകർ ചില വിദ്യാർത്ഥികൾക്കുവേണ്ടി ഓഫീസ് മുറിയിൽ ഇരുന്ന് പരീക്ഷ എഴുതിക്കൊടുത്തു എന്ന ഗുരുതരമായ കുറ്റകൃത്യത്തെക്കുറിച്ച് എന്തുതരം അന്വേഷണമാണ് നടത്തിവരുന്നത് ; | (എ) | കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ചില വിദ്യാർത്ഥികൾക്കുവേണ്ടി അദ്ധ്യാപകൻ പരീക്ഷ എഴുതിക്കൊടുത്ത സംഭവത്തിൽ അധ്യാപകരെ സസ്പെന്റ് ചെയ്യുകയും അവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുകയും ആൾമാറാട്ടം സംബന്ധിച്ച് അധ്യാപകർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരികയുമാണ്. |
| (ബി) | സ്കൂൾ പ്രിൻസിപ്പാളും ഈ ആൾമാറാട്ടത്തിന് സഹായം ചെയ്തുകൊടുത്തു എന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മുൻ വർഷങ്ങളിലും ഇപ്രകാരം ആൾമാറാട്ടം നടത്തിയിട്ടുണ്ടോ എന്ന കാര്യം അന്വേഷിക്കുമോയെന്നറിയിക്കാമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ഇതിന്റെ പിന്നിലെ ഗൂഡാലോചന അന്വേഷണ വിധേയമാക്കുമോ; | (ഡി) | അന്വേഷണവിധേയമാക്കുന്നതാണ്. |
| (ഇ) | ഇത്തരം ആൾമാറാട്ടങ്ങളും ക്രമക്കേടുകളും മറ്റ് സ്കൂളുകളിലും നടത്തുവാൻ സാധ്യത ഉള്ള സ്ഥിതിക്ക് ഇത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ; | (ഇ) | സ്വീകരിക്കുന്നതാണ്. |

(മറുപുറം...)

| | |
|---|---|
| (എഫ്) ആൾമാറാട്ടത്തിൽ പങ്കെടുത്തവരേയും അതിന് സഹായം ചെയ്തുകൊടുത്തവരേയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (എഫ്) ആൾമാറാട്ടത്തിൽ പങ്കെടുത്തവരേയും അതിന് സഹായം ചെയ്തുകൊടുത്തവരേയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകുന്നതാണ്. വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ള അദ്ധ്യാപകരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് അച്ചടക്കനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**